**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2526** **15-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ക്യാപിറ്റൽ എക്സ്പെൻഡിച്ചർ (കാപ്പെക്സ്) മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | ടോട്ടക്സ് അടിസ്ഥാനത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള കേന്ദ്ര മാതൃകയ്ക്ക് ബദലായി കേരളത്തിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാതൃക തയ്യാറാക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 25-08-2023-ന് നടന്ന യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സി.എം.ഡി, പ്രശസ്ത സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഐടി ഉപദേശക സമിതി രൂപീകരിച്ച് സ്മാർട്ട് മീറ്റർ മേഖലയിലെ വിവിധ ഒ.ഇ.എം കമ്പനികളുടെ പങ്കാളിത്തത്തോടെ ശിൽപശാല നടത്തി. വിവിധ തലങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഫീഡർ/ ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ, എച്ച്ടി ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ചു. 06-11-2023-ൽ നടന്ന യോഗത്തിൽ (National conference of Power and New & Renewable Energy) ബദൽ മാതൃകയുമായി കെ.എസ്.ഇ. ബി.എൽ.-ന് മുന്നോട്ട് പോകാമെന്ന് കേന്ദ്ര ഊർജ്ജ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇത് പ്രകാരം രണ്ട് പാക്കേജായി സ്മാർട്ട് മീറ്ററും മൂന്നാമത്തെ പാക്കേജായി കെ.എസ്.ഇ.ബി.എൽ. ഡാറ്റാ സെന്ററിന്റെ നവീകരണവും നടപ്പാക്കാൻ ധാരണയായി. ഡാറ്റാ സെന്റർ നവീകരണത്തിന് ആർ.ഡി.എസ്.എസ് പദ്ധതി പ്രകാരം ലഭിക്കുന്ന 60% ഗ്രാന്റ് ഉപയോഗപ്പെടുത്തും.<br><br>23-05-2024-ന് ചേർന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ഫുൾ ബോർഡ് യോഗം ബദൽ മാതൃക പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ആദ്യ ഘട്ട പദ്ധതിക്ക് 277 കോടി രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകി. മേൽ തീരുമാന പ്രകാരം രണ്ടു പാക്കേജുകളും ടെണ്ടർ ചെയ്തിട്ടുണ്ട്. പാക്കേജ്-1 ടെണ്ടർ രേഖകൾ 30.07.2024ലും, പാക്കേജ്-2 ടെണ്ടർ രേഖകൾ 01.08.2024ലും കേരള ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2026 മാർച്ചിൽ പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ